അപൂർവ്വമായി ഒന്നുരണ്ടു ബസ്സുകൾ വന്നാൽ ബസ്സ് കിട്ടാതെ നിൽക്കുന്ന വിദ്യാർത്ഥികൾ അത് തടഞ്ഞിടുന്നതുകൊണ്ട് ദൂരെ നിന്നു വരുന്ന ആളുകളെല്ലാം വഴിയിൽ കിടക്കുകയാണ് ചെയ്യുന്നത്. ദേശസാൽകൃത റൂട്ടുകളായ കോട്ടയം, ആലുവ, എറണാകുളം റൂട്ടുകളിൽ ബസ്സില്ലാതെ ആളുകൾ വിഷമിക്കുകയാണ്. അതിനും ടയർ ഇല്ല, സ്പെയർ പാർട്ട്സ് ഇല്ല എന്നാണ് കാരണം പറയുന്നത്. ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ എനിക്ക് മൂവാറ്റുപുഴ ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡിൽ ചെല്ലാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഈ നില മാറിയില്ലെങ്കിൽ പഞ്ചാബിലെ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികൾക്ക് കൊടുത്തതുപോലുള്ള അംഗരക്ഷകനേയോ പടച്ചട്ടയോ നൽകേണ്ടിവരും. അതുകൊണ്ട് ദയവായി ഈ ദുരിതത്തിൽനിന്നും ഒരു എം.എൽ.എ. എന്നുള്ളനിലയിൽ എന്നെ രക്ഷിക്കണം. അവിടെ ആവശ്യമായ ടയറും സ്പെയർ പാർട്ട്സും കൊടുത്ത് ബസ്സുകൾ ഓടിക്കാനുള്ള നടപടികൾ എടുത്തില്ലെങ്കിൽ എന്റെ ദേഹരക്ഷയ്ക്കുവേണ്ട നടപടികൾ ഉണ്ടാകണം.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, അദ്ദേഹത്തിന്റെ ദേഹത്തിന് യാതൊരു കുഴപ്പവും ഉണ്ടാകില്ല. കേരള സംസ്ഥാനത്ത് 58 യൂണിറ്റ് ആഫീസുകളിലുമുള്ള സ്ഥിതി ഏതാണ്ട് ഇതുപോലെയാണ്. സാമ്പത്തിക പരാധീനത ഉണ്ടാവുകയും 6 കോടി 90 ലക്ഷംരൂപ പഴയ ടാക്സ് അടയ്ക്കുകയും 4 കോടി 20 ലക്ഷം രൂപ കളക്ഷനിൽനിന്ന് ബോണ്ടസ് കൊടുക്കുകയും ചെയ്തതിന്റെ ഫലമായി 960 ബസ്സുകൾ ടയർ ഇല്ലാതെ കിടക്കുന്നുവെന്നുള്ള ദുഃഖസത്യം ഞാൻ സഭയെ അറിയിക്കുകയാണ്. അത് മനസ്സിലാക്കിയ ഗവൺമെന്റ് യാത്രക്കാരുടെ ദുരിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിലേക്കായി ടയറും സ്പെയർ പാർട്ട്സും വാങ്ങുന്നതിനുവേണ്ടി മൂന്നുകോടി രൂപ അനുവദിച്ചിരിക്കുകയാണെന്ന സന്തോഷകരമായ വാർത്ത ഞാൻ അറിയിക്കുകയാണ്. മൂവാറ്റുപുഴയിൽ മാത്രമല്ല, മൂലമറ്റത്തു മാത്രമല്ല, തൃശ്ശൂർ മാത്രമല്ല എല്ലാ പ്രദേശങ്ങളിലുമുള്ള ബസ്സുകൾ വളരെവേഗം ഓടിക്കുന്നതിനുള്ള എല്ലാ ഏർപ്പാടും ചെയ്യുന്നതാണ്.

(3) കയർ സംഘങ്ങളുടെ ചെക്കുകൾ കയർ ഇൻസ്പെക്ടർമാർ കൗണ്ടർ സൈൻ ചെയ്യണമെന്ന നിബന്ധന

ശ്രീ. ടി.കെ. അബ്ദു: സർ, കയർവ്യവസായം ഇന്ന് പൊതുവേ സ്തംഭനത്തിലാണ്. സഹകരണസംഘങ്ങളുടെ ബൈലാ അനുസരിച്ച് അതിന്റെ പ്രസിഡൻറിനും സെക്രട്ടറിക്കും ബാങ്കിൽനിന്ന് പണം എടുക്കുന്നതിനുള്ള സൗകര്യം നേരത്തേയുണ്ടായിരുന്നു. ഇന്ന് ആ സൗകര്യം ഇല്ലായ്മ ചെയ്തുകൊണ്ട് കയർ ഇൻസ്പെക്ടർമാർ ചെക്കിൽ ഒപ്പിട്ടെങ്കിൽ മാത്രമേ ബാങ്കിൽനിന്ന് പണം വിത്ത്ഡ്രാ ചെയ്യാൻ പാടുള്ളൂ എന്നുള്ള നിയമം വന്നതോടുകൂടി തൊണ്ടു സംഭരണത്തിന്റെ എല്ലാ സൗകര്യങ്ങളും തടയപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി കയർത്തൊഴിലാളികൾക്ക്, എറണാകുളം ജില്ലയിൽ, ആഴ്ചയിൽ ഒരു ദിവസംപോലും കൂലി കൊടുക്കാനുള്ള സൗകര്യം ഇന്നില്ല. ഇൻസ്പെക്ടർമാർക്കുണ്ട് കൗണ്ടർസൈൻ ചെയ്തെങ്കിൽ മാത്രമേ പണം എടുക്കുന്നതിന് സൗകര്യമുള്ളൂ. അതുകൊണ്ട് തൊഴിൽ ആകെ സ്തംഭിച്ചിരിക്കുകയാണ്. കയർത്തൊഴിലാളികൾക്ക് മലവെള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്കാലത്ത ഒരു കുടുംബത്തിന് 100 രൂപാവീതം സൗജന്യമായി കൊടുക്കാമെന്നു പറഞ്ഞിരുന്നതുപോലും ഇന്ന് സ്തംഭനത്തിലാണ്. അതുകൊണ്ട് ഈ വ്യവസായത്തെ രക്ഷിക്കുന്നതിനുവേണ്ടി കയർ സഹകരണസംഘം ഇൻസ്പെക്ടർമാർ കൗണ്ടർ സൈൻ ചെയ്യണമെന്നുള്ള പുതിയ തീരുമാനം ദയവായി പിൻവലിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാന്യപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച നിബന്ധന വയ്ക്കാനുള്ള പ്രധാന കാരണം, പല സൊസൈറ്റികളും പണം ദുർവിനിയോഗം ചെയ്യുന്നതാണ്. സൊസൈറ്റികൾക്കു വിവിധ ഇനങ്ങളിലായി വളരെയധികം പണം ആണ്ടോടാണ്ട് ഗവൺമെന്റിൽനിന്ന് നൽകുന്നുണ്ട്. കൂടാതെ നബാർഡിൽനിന്ന് ക്യാഷ് ക്രഡിറ്റ് വാങ്ങുന്നതിന് ഗവൺമെന്റ് ഇന്ററസ്റ്റ് സബ്സിഡി നൽകുന്നുണ്ട്. ഈ പണം പല സൊസൈറ്റികളും സ്വന്തം വരുമാനമാർഗ്ഗമാക്കി വലിയ പലിശക്ക് ബാങ്കിൽനിന്ന് വായ്പ എടുക്കുന്നു. ഗവൺമെന്റ് അതിന് ഇന്ററസ്റ്റ് സബ്സിഡി കൊടുക്കുന്നു. ഇതിനു പുറമെ പല മാർഗ്ഗനിർദ്ദേശങ്ങളും ഗവൺമെന്റ് കൊടുത്താൽ അത് സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംഘത്തിന്റെ പണം ദുർവിനിയോഗം ചെയ്യുകയും, പിരിയാ കടങ്ങൾ വരുത്തിവയ്ക്കുകയും, സഹകാര്യ വ്യാപാരികൾക്ക് കയർ വിൽക്കുന്നത് പാടില്ലെന്ന് സൊസൈറ്റിക്കുള്ള നിബന്ധന ലംഘിക്കുകയും ചെയ്യുന്നതിന്റെ ഫലമായി കയർ സഹകരണസംഘം ഇൻസ്പെക്ടർമാർ ചെക്കിൽ കൗണ്ടർ സൈൻ ചെയ്യണമെന്ന് നിർദ്ദേശിച്ചത് ശരിയാണ്. 22–7–1985–ൽ ഈ നിർദ്ദേശം കൊടുക്കുമ്പോൾ പത്ത് സൊസൈറ്റികളാണ് ഒരു ഇൻസ്പെക്ടറുടെ പരിധിയിലുള്ളത്. സൊസൈറ്റികൾ ആഴ്ചതോറുമാണ് കൂലി കൊടുക്കുന്നത്. ഒരാഴ്ചത്തേയ്ക്കുള്ള പണം ആൻറിസിപ്പേറ്ററിയായിട്ട് കൊടുക്കാനുള്ള നിർദ്ദേശം ഉണ്ട്. ഈ പണം ചെലവഴിച്ചു കഴിഞ്ഞാൽ പണം എന്തിനുവേണ്ടി ചെലവഴിച്ചു, ഇതിലെ ഡയറക്ടറോ മറ്റ് ആരെങ്കിലുമോ ഇത് ദുരുപയോഗപ്പെടുത്താനുള്ള എന്തെങ്കിലും പഴുതുകളുണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചിട്ട് വീണ്ടും ഒരാഴ്ചക്ക് കൊടുക്കുകയാണ്. ഇങ്ങനെ ആഴ്ചതോറും പണം കൊടുക്കുന്നതിൽ ഏതാനും ചില സൊസൈറ്റികൾ മാത്രമേ പരാതിപ്പെട്ടതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ഏതെങ്കിലും സൊസൈറ്റിക്ക് ജനുവിൻ ആയിട്ട് ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്.

ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സർക്കാരിൽനിന്നു കിട്ടുന്നതും മറ്റ് സ്ഥാപനങ്ങളിൽനിന്ന് കിട്ടുന്നതുമായ പണം കയർ സൊസൈറ്റികൾ ദുർവിനിയോഗം ചെയ്യാതിരിക്കണം. പണം ദുർവിനിയോഗം ചെയ്തതിന്റെ പേരിൽ നിരവധി സൊസൈറ്റികളുടെ പേരിൽ ഗവൺമെന്റ് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നുണ്ട്. പിരിയാകടം ഉണ്ടാകുന്ന ചുറ്റുപാട് ഒഴിവാക്കണം. അങ്ങനെ സദുദ്ദേശപരമായി സ്വീകരിച്ച ഒരു നയം മാത്രമാണിത്.

ഹാൻഡ്ലൂമിലും ഇതുപോലുള്ള നിയന്ത്രണങ്ങളുണ്ട്. അവരാരും തന്നെ ഇതിൽ പ്രതിഷേധിച്ചിട്ടില്ല. തൊണ്ട് വാങ്ങുന്നതിന് യാതൊരു തടസ്സവും ഉണ്ടാകില്ല. ഓരോ ആഴ്ചയും മുൻകൂറായിട്ടാണ് അവർക്ക് കൂലി കൊടുക്കുന്നത്. പക്ഷെ ചെലവഴിച്ച പണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കാര്യം. അടുത്ത ആഴ്ച ഉദ്യോഗസ്ഥൻമാരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുന്നതാണ്. ഇതിനുപുറമെ വിജിലൻസ് സ്കാഡും ഉണ്ട്. ഇതെല്ലാം കയർ സൊസൈറ്റികളെ കുറച്ചു ഭദ്രമാക്കാനും നന്നാക്കാനും വേണ്ടിയുള്ള നടപടിയാണെന്ന് പറഞ്ഞുകൊള്ളുന്നു.

(4) കലാമണ്ഡലത്തിലെ പഠിപ്പുമുടക്ക്

ശ്രീ. സി.കെ. ചക്രപാണി: സർ, കലാമണ്ഡലം വിദ്യാർത്ഥികളുടെ നീറുന്ന പ്രശ്നങ്ങളിലേക്ക് സഭയുടേയും വിശേഷിച്ച് മുഖ്യമന്ത്രിയുടേയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. കലാമണ്ഡലം ഇന്ന് അടച്ചിട്ടിരിക്കുകയാണ്. വിദ്യാർത്ഥികളും പഠിപ്പുമുടക്കി എന്നു പറഞ്ഞിട്ടാണ് അധികാരികളും ഇത് അടച്ചിട്ടിരിക്കുന്നത്. ഓണം കഴിഞ്ഞതിനുശേഷം തുറന്നിട്ടില്ല. വിദ്യാർത്ഥികളുടെ ആവശ്യം അവിടെ നൽകുന്ന ഗുരുകുല സർട്ടിഫിക്കറ്റുകൾക്ക് കലാസ്സിന്റെ വിലപോലും ഇല്ല, അതുകൊണ്ട് ഡിഗ്രിക്ക് സമമായിട്ടുള്ള സർട്ടിഫിക്കറ്റ് കൊടുക്കണമെന്നുള്ളതാണ്. കൂടാതെ കലാമണ്ഡലം യൂണിവേഴ്സിറ്റിയാക്കണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് (സ്പീക്കർ) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന അവസരത്തിൽ ശാന്തിനികേതൻ മോഡലിൽ കലാമണ്ഡലത്തെ കൺവർട്ട് ചെയ്യണമെന്നുള്ള ഒരു നിർദ്ദേശം വച്ചിട്ടുള്ളതും പ്രാവർത്തികമാക്കിയിട്ടില്ല. ഇവിടെനിന്ന് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഇന്ന് തൊഴിലില്ല. ഈ പ്രശ്നം കഴിഞ്ഞ, പ്രാവശ്യവും ഞാൻ സഭയുടെ മുമ്പാകെ കൊണ്ടുവന്നതാണ്. കലാമണ്ഡലം ഇന്ന് അഴിമതിയുടെ കൂത്തരങ്ങാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ പഠിപ്പുമുടക്ക് അവസാനിപ്പിക്കുന്നതിനുംവേണ്ടി ആവശ്യമായ നടപടികൾ കൈക്കൊള്ളണം. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി എന്നുപറഞ്ഞ് ഒരു സ്ഥാപനം അടച്ചിടുന്നത് ഭൂഷണമാണോ? മുഖ്യമന്ത്രിയുടെ സത്വരശ്രദ്ധ ഈ പ്രശ്നത്തിലേക്ക് ഞാൻ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കലാമണ്ഡലത്തിലെ സർട്ടിഫിക്കറ്റിന് വിലയില്ലെന്നു പറയുന്നതു ശരിയല്ല. സർട്ടിഫിക്കറ്റിനേക്കാൾ കലാമണ്ഡലത്തിലെ കലകൾക്ക് വിലയുണ്ട്. അതിനു വേണ്ടിയാണ് കലാമണ്ഡലം ആരംഭിച്ചിട്ടുള്ളത്. ഇത് ഒരു തൊഴിൽ കൊടുക്കാനുള്ള സ്ഥാപനമായിട്ടല്ല ആരംഭിച്ചത്. നമ്മുടെ പൂർവ്വികമായ കലകളെ പരിപോഷിപ്പിക്കുന്നതിനും കലാരംഗത്ത് വരുത്തേണ്ട ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വേണ്ടിയാണ്. ഒരുപക്ഷേ നമ്മൾ ഉദ്ദേശിച്ച രീതിയിൽ വളർന്നിട്ടില്ലെന്നു വേണമെങ്കിൽ പറയാം. എങ്കിലും പരമ്പരാഗതമായ കല നിലനിറുത്തുന്നതിനും, കുറേയെല്ലാം പരിപോഷിപ്പിക്കുന്നതിനും നമുക്കു സാധിച്ചിട്ടുണ്ട്. അടുത്തകാലത്ത് ഇൻഡ്യയിൽ പ്രദർശിപ്പിച്ച പരിപാടിയിൽ കലാമണ്ഡലം പങ്കെടുക്കുകയുണ്ടായി. അവർ സമരം നടത്താനുണ്ടായ കാരണങ്ങളിൽ പറയുന്നത് വിദ്യാർത്ഥികളെ ആട്രൂപ്പിൽ പെടുത്തിയില്ലെന്നാണ്. മറ്റൊന്ന് ഇവരുടെ സർട്ടിഫിക്കറ്റിന്റെ കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ

LIBRARY ARCHIVES Kerala Legislative Assembly